## ഭാരതത്തിന്റെ ഭരണഘടനയുടെ
## ആമുഖം

**ഇന്ത്യയിലെ ജനങ്ങളായ നാം**
**ഒരു പരമാധികാര, സോഷ്യലിസ്റ്റ്,**
**മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി**
**സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം;**
**സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും:**
**ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും**
**മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;**
**പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും;**
**അവരുടെയെല്ലാപേരുടെയുമിടയിൽ, വ്യക്തിയുടെ അന്തസ്സും**
**രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും സുനിശ്ചിതമാക്കിക്കൊണ്ട്**
**സാഹോദര്യം പുലർത്തുവാനും;**
**സഗൗരവം തീരുമാനിച്ചിരിക്കയാൽ**
**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ 26-ാം ദിവസം**
**ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും**
**നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

### ആമുഖം കൊണ്ട് വ്യക്തമാകുന്നത്

1. നമ്മുടെ രാജ്യത്തിന്റെ ഭരണകർത്താക്കൾ നാം തന്നെയാണ്.

2. പരമാധികാരം നമ്മിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ബാഹ്യവും അഭ്യന്തരവുമായ കാര്യങ്ങളിൽ പുറത്തുനിന്നുള്ള ഒരു ശക്തിക്കും ഇടപെടാനധികാരമില്ല.

3. സ്ഥിതിസമത്വത്തിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രമാണ് നമ്മുടേത്.

4. മതേതര സ്വഭാവമുള്ളതാണ് നമ്മുടെ രാഷ്ട്രം.

5. ജനാധിപത്യത്തിൽ നാം വിശ്വസിക്കുന്നു.

6. നമ്മുടെ രാജ്യം ഒരു റിപ്പബ്ലിക്കാണ്. അതായത്, ഇംഗ്ലണ്ടിലേതുപോലെ വംശപാരമ്പര്യസ്വഭാവമുള്ള ഒരു രാജാവായിരിക്കുകയില്ല ഇന്ത്യയുടെ ഭരണത്തലവൻ. ഇന്ത്യയിൽ ഒരു നിശ്ചിതകാലത്തേക്ക് ജനങ്ങൾ തെരഞ്ഞെടുക്കുന്ന രാഷ്ട്രപതിയായിരിക്കും ഭരണത്തിന്റെ ഏറ്റവും ഉയർ സ്ഥാനം വഹിക്കുന്ന ആൾ.

7. സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും എല്ലാവർക്കും നീതി ലഭിക്കും.

8. അവനവന്റെ ചിന്തയും വിശ്വാസവും മതനിഷ്ഠയും ആരാധനാസമ്പ്രദായവും പുലർത്തുവാനും ആശയം പ്രകടിപ്പിക്കുവാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടാകും.

9. ഏതു പദവിയിലേക്കുമുയരാനും അവസരത്തിനനുസരിച്ച് പ്രവർത്തിക്കുവാനും എല്ലാവർക്കും തുല്യാവകാശമുണ്ടായിരിക്കും.

10. നമ്മുടെ നാട് ഒന്നാണെന്നും അത് ഖണ്ഡങ്ങളായി, വേർതിരിക്കത്തക്കതല്ലെന്നും ഉള്ള ബോധം സുനിശ്ചിതമാക്കും. വ്യക്തിയുടെ അന്തസ്സ് കാത്തു സൂക്ഷിക്കും.

*(അവലംബം : നിയമവിജ്ഞാനകോശം, അഡ്വ. ഇ.കെ.കൃഷ്ണനെഴുത്തച്ഛൻ, സമ്രാട്ട് പബ്ലിഷേഴ്സ്, തൃശൂർ)*